**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3107** | **04-08-2021 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക യോഗ്യതയുള്ള പൊലീസുകാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരളാ പോലീസിൽ സാങ്കേതിക യോഗ്യതയുള്ള ഏക വിഭാഗമായ പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഉണ്ടായിട്ടും സൈബർ സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ, ഹൈടെക് സെൽ, ഇ.ആർ.എസ്സ്.എസ്സ് എന്നിവിടങ്ങളിൽ അടിസ്ഥാന യോഗ്യത മാത്രമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാർത്താ വിനിമയ ഉപകരണങ്ങൾ അടക്കമുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിക്കൽ, അറ്റകുറ്റപണികൾ, പരിപാലനം എന്നിവ അടക്കമുള്ള ജോലികളാണ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം നിർവ്വഹിക്കുന്നത്. എന്നാൽ സൈബർ പോലീസ് സ്റ്റേഷൻ അടക്കമുള്ള സൈബർ വിഷയവുമായി ബന്ധപ്പെട്ട യൂണിറ്റുകൾ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായുള്ള കുറ്റാന്വേഷണങ്ങളും പരാതിപരിഹരിക്കലും അനുബന്ധ ജോലികളുമാണ് ചെയ്തുവരുന്നത്. ഇത്തരം ജോലികൾ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നില്ല. |
| (ബി) | ഉണ്ടെങ്കിൽ സംസ്ഥാനത്താകെ എത്ര ഉദ്യോഗസ്ഥരെയാണ് ഇത്തരത്തിൽ നിയമിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ബാധകമല്ല. |
| (സി) | സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഈ വിഭാഗങ്ങളിൽ മുഴുവനായും പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗക്കാരെ നിയോഗിക്കാനും അധികമായി ആവശ്യമുള്ളവരെ റിക്രൂട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | പോലീസ് വിഭാഗങ്ങളിലേക്കായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന യോഗ്യതയുള്ളവരെ അതാത് വിഭാഗങ്ങൾക്ക് മാത്രമായി ഉപയോഗിക്കുവാൻ സാധിക്കുമെന്നതിനാൽ ഈ നിർദേശം പരിഗണിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ